പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4846 — 21/10/2011 ൽ മറുപടിയ്ക്ക്

## ക്ഷേമപദ്ധതികളുടെ വരുമാന പരിധി

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ. പി. ഉബൈദുള്ള : — ഡോ. എം.കെ. മുനീർ :

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഇപ്പോൾ നൽകിവരുന്ന വിവിധ കുടുംബക്ഷേമ പെൻഷനുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, അമ്പതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന ക്ഷേമപെൻഷനുകൾ |
| (ബി) ഓരോ ക്ഷേമ പെൻഷനുകൾക്കും നിശ്ചയിച്ച കുടുംബ വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) ദേശീയ വാർദ്ധക്യകാല പെൻഷൻ ഒഴികെ മറ്റു പെൻഷനുകൾ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20000 രൂപയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22375 രൂപയും ആണ്. ദേശീയ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് ഗുണഭോക്താക്കൾ ബി.പി.എൽ കുടുംബത്തിൽപ്പെട്ട വരായിരിക്കണം. കർഷകത്തൊഴിലാളി പെൻഷനുള്ള വരുമാന പരിധി 11000/-രൂപയാണ്. |
| (സി) വാർഷിക വരുമാന പരിധി ഉയർത്താത്തതുമൂലം അർഹരായ നിരവധി കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) വിവിധ ക്ഷേമ പദ്ധതികളുടെ വരുമാന പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല |

R. Vijayakumar

സെക്ഷൻ ഓഫീസർ